

# പ്രണയം, രതി, ധ്യാനം

## മൂന്നാം കണ്ണിലെ കാഴ്ചകൾ

എഡിറ്റർ: **രാജലക്ഷ്മി**

SAHITYA PRAVARTHAKA C.S. LTD. KOTTAYAM
SPCS

# പ്രണയം, രതി, ധ്യാനം

## മൂന്നാം കണ്ണിലെ കാഴ്ചകൾ

എഡിറ്റർ: **രാജലക്ഷ്മി**



പ്രണയത്തിന്റെയും രതിയുടെയും ധ്യാനത്തിന്റെയും പത്മപഥങ്ങൾ തേടുന്ന കെ. വി. മോഹൻകുമാറിന്റെ 'പ്രണയത്തിന്റെ മൂന്നാം കണ്ണ്' എന്ന നോവലിനെ അധികരിച്ചുള്ള പഠനങ്ങൾ.

spcs **നാഷണൽ ബുക്ക്സ്റ്റാൾ**

പഠനം/₹250
ISBN 978-93-86094-87-2

9 789386 094872

Sahithya Pravarthaka Co-operative Society Ltd.
No. 2458. Kottayam, Kerala State, India

Sales Department
**National Book Stall**
Thiruvananthapuram-Kollam-Alappuzha-Kottayam- Thodupuzha- Ernakulam -Thrissur-Palakkadu-Kozhikodu-Kalpatta-Kannur.
**www.nationalbookstall.com**

(Malayalam)
Pranayam, Rathi, Dhyanam
Moonnam Kannile Kazhchakal
Study
Edited by
Rajalakshmi
Compiled by K. G. Karthikeyan
Cover Design: Salimon P. N.
Illustrations: A. K. Gopidas
First Published February 2017
Printed at M. P. Paul Smaraka
Offset Printing Press (SPCS), Kottayam
Price Rs. 250.00
© Rajalakshmi

*No part of this publication may be reproduced or transmitted in any form or by any means without prior written permission of the Publisher*
Publishers
Sahithya Pravarthaka Co-operative Society Ltd.,
Kottayam, Kerala State, India
Email: spcsktm@gmail.com

ISBN 978-93-86094-87-2
978000030931

Sales Department
National Book Stall
Thiruvananthapuram-Kollam-Alappuzha
Kottayam - Thodupuzha - Ernakulam (Marine Drive)
Thrissur- Palakkadu-Kozhikkodu-Kalpatta-Kannur
www.nationalbookstall.com

S 9490 B 5852 204/16-17 1-500

# പ്രണയം, രതി, ധ്യാനം
## മൂന്നാംകണ്ണിലെ കാഴ്ചകൾ
(പഠനം)

എഡിറ്റർ
**രാജലക്ഷ്മി**

സമ്പാദകൻ
കെ. ജി. കാർത്തികേയൻ

SAHITYA PRAVARTHAKA C.S. LTD. KOTTAYAM
spcs
സാഹിത്യപ്രവർത്തക സഹകരണസംഘം
നാഷണൽ ബുക്ക് സ്റ്റാൾ
₹ 250.00

# ഉള്ളടക്കം


പ്രണയത്തിലൂടെ നിർവ്വാണത്തിലേക്ക്
**കെ.ജി. കാർത്തികേയൻ** ........................................ 09

നിർവ്വാണമെന്ന പൂവ് തേടി
**കെ.വി. മോഹൻകുമാർ** ........................................ 14

വര അനുഭവം
**നമ്പൂതിരി** ........................................ 19

പ്രണയത്തിന്റെ ദാർശനിക പഥങ്ങൾ
**എം. മുകുന്ദൻ** ........................................ 20

പെണ്ണവസ്ഥയുടെ നടപ്പുകാലത്ത്
**സേതു** ........................................ 22

സമതല നദിയുടെ ശാലീനത
**പി. വത്സല** ........................................ 24

ആത്മയാനത്തിന്റെ ഉൾക്കണ്ണ്
**മോഹൻലാൽ** ........................................ 26

ബുദ്ധഗാത്രം
**ആഷാ മേനോൻ** ........................................ 28

ധ്യാനത്തിന്റെ പത്മപഥങ്ങൾ
**ഫാ. ബോബിജോസ് കപ്പൂച്ചിൻ** ........................................ 30

തീർത്ഥയാനത്തിന്റെ സജലപാതകൾ
**ജി. ശങ്കർ** ........................................ 32

പ്രണയത്തിന്റെ താന്ത്രികഭാഷ
**യു.കെ. കുമാരൻ** ........................................ 35

മൂന്നാമത്തെ കണ്ണിന്റെ കഥ
**ഒ.വി. ഉഷ** ........................................ 37

എഴുത്തിന്റെ മൂന്നാം കണ്ണ്
**ജോൺപോൾ** ........................................ 40

നിർവ്വാണത്തിന്റെ പ്രണയപുഷ്പം
**പി.കെ. രാജശേഖരൻ** ........................................ 42

ആത്മദർശനങ്ങളുടെ മൂന്നാംകണ്ണ്
**കെ.ബി. പ്രസന്നകുമാർ** ........................................ 45

പ്രണയത്തിന്റെ പരിവ്രാജക ഭാഷ
**പി.കെ. ഗോപി** ........................................ 50

സമാന്തരങ്ങൾ കൂടിച്ചേരുമ്പോൾ
**ഗ്രേസി** ........................................ 52

ഇന്ദ്രിയങ്ങളിലെ അതീന്ദ്രിയം
**പി.ടി. നരേന്ദ്രമേനോൻ** ........................................ 54

പ്രണയം രതി ധ്യാനം
**പി. സുരേന്ദ്രൻ** ........................................ 58

തൃഷ്ണയുടെ പൂക്കൾ
**സൂര്യാ കൃഷ്ണമൂർത്തി** ........................................ 60

ഹൃദയം കൊണ്ടെഴുതിയ കവിത
**പി.കെ. പാറക്കടവ്** ........................................ 61

ബോധധാരയുടെ മൂന്നാംകര
**ഒ.കെ. ജോണി** ........................................ 63

പ്രണയത്തിന്റെ നവദർശനങ്ങൾ
**ഐസക് ഈപ്പൻ** ........................................ 65

ബോധിസത്വന്റെ ഉപബോധം
**ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്** ........................................ 68

പ്രണയ-നിർവ്വാണങ്ങളുടെ സങ്കീർത്തനരാശികൾ
**ജോർജ് ജോസഫ് കെ.** ........................................ 69

നിർവ്വാണ വഴികളിലെ വിസ്മയക്കാഴ്ചകൾ
**ഗോപിനാഥ് മുതുകാട്** ........................................ 72

നിർവ്വാണത്തിലേക്കൊരു പ്രണയപാത
**ഖദീജാ മുംതാസ്** ........................................ 74

പ്രണയത്തിന്റെ ഭാഷ
**ബി. മുരളി** ........................................ 79

നിർവ്വാണനിശ
**എൻ.പി. വിജയകൃഷ്ണൻ** ........................................ 81

പ്രണയത്തിന്റെ പുസ്തകം
**മണ്ണൂർ രാജകുമാരനുണ്ണി** ........................................ 83

പ്രണയത്തിന്റെ നാനാർത്ഥങ്ങൾ
**എ. ചന്ദ്രശേഖർ** ........................................ 84

പ്രണയത്തിന്റെ മൂന്നാംകണ്ണ്
**ഡോ. കെ. സുഗതൻ** ........................................ 87

പ്രപഞ്ചകല്പിതങ്ങളുടെ ഉദാത്തവൽക്കരണം
**വിജയൻ കോടഞ്ചേരി** ........................................ 89

മൂന്നാം കണ്ണിന്റെ മാറ്റും മഹിമയും
**ഡോ. ആർസു** ........................................ 93

പ്രണയവും നിർവ്വാണവും മൂന്നാം കണ്ണും
**ഡോ. കെ.എച്ച്. സുബ്രഹ്മണ്യൻ** ........................................ 95

ക്ഷണപ്രഭയുടെ നിർവ്വാണമൂല്യം
**പദ്മദാസ്** ........................................ 100

വിഭൂതിയുടെ ഗന്ധമുള്ള നമ്പൂതിരി ചിത്രങ്ങൾ
**ബൈജുദേവ്** ........................................ 103

ഇമേജറികളുടെ ഘോഷയാത്ര
**രവിമേനോൻ** ........................................ 106

പ്രണയോപനിഷത്ത്
**എം.ഡി. രാജേന്ദ്രൻ** ........ 108
ഒരിക്കലും അടയാത്ത കണ്ണ്
**രാമചന്ദ്രൻ** ........ 109
പ്രണയം മിഴി തുറക്കുമ്പോൾ
**എ. സജീവൻ** ........ 111
പ്രണയബുദ്ധൻ
**ഇന്ദുമേനോൻ** ........ 116
പ്രതിഭയുടെ മൂന്നാംകണ്ണ്
**ടി.എൻ. പ്രകാശ്** ........ 118
കാലസങ്കല്പത്തിലെ യാത്രാപഥങ്ങൾ
**ഡോ. മിനിപ്രസാദ്** ........ 119
പ്രണയം ധ്യാനം നിർവ്വാണം
**ഒ.പി. സുരേഷ്** ........ 120
മൂന്നാംകണ്ണിലൂടെ ഒരു യാത്ര
**ശാലിനി എം. ദേവൻ** ........ 122
യാത്രയ്ക്കിടയിലെ യാത്ര
**പുരുഷൻ കടലുണ്ടി** ........ 124
ചലിക്കുന്ന പുസ്തകം
**എസ്.ആർ. ലാൽ** ........ 126
വായനയുടെ മൂന്നാംകണ്ണ്
**ശ്രീജിത്ത് കെ. വാരിയർ** ........ 128
പ്രണയത്തിന്റെയും പ്രയാണത്തിന്റെയും അകക്കണ്ണുകൾ
**ആര്യാഗോപി** ........ 130
നിർവ്വാണത്തിന്റെ പ്രണയ പരിഭാഷ
**ഡോ. ഹേമമാലിനി** ........ 132
പ്രണയത്തിന്റെ നിഴലും വെളിച്ചവും
**കാരയ്ക്കാമണ്ഡപം വിജയകുമാർ** ........ 136
ബുദ്ധപദത്തിലേക്കൊരു വാതിൽ
**ഡോ. പ്രഭാകരൻ പഴശ്ശി** ........ 138
രാഹുലന്റെ അന്വേഷണയാത്ര
**ഡോ. സദനം ഹരികുമാർ** ........ 141
വിശ്വത്തോളം വലുതാവുന്ന പ്രണയം
**ഡോ. പി.കെ. രാധാമണി** ........ 145
പ്രണയത്തിന്റെ മൂന്നാംകണ്ണ്-വായനയുടെയും
**അശോകൻ പട്ടശ്ശേരി** ........ 147
ഖലീൽ ജിബ്രാൻ കവിതപോലെ
**കെ.എ. ഫ്രാൻസിസ്** ........ 149
പ്രണയത്തിന്റെ ശാന്തിഗീതം
**കെ.പി. ശൈലജ** ........ 150
തൃഷ്ണയുടെ പൂക്കളും ജ്ഞാനത്തിന്റെ തൃക്കണ്ണും
**രമേശ് ഗോപാലകൃഷ്ണൻ** ........ 152
ഉന്മീലിതം തൂലികയേവ ചിത്രം
**ഡോ. വിനി എ.** ........ 156
ആസക്തിയുടെ അഗ്നികുണ്ഡങ്ങൾ
**നാലപ്പാടം പത്മനാഭൻ** ........ 158
പുറം കാഴ്ചകൾക്ക് അതീതമായ കാഴ്ചകൾ
**കാനേഷ് പുനൂർ** ........ 160
നിർവ്വാണപദം
**ജ്യോതിബായ് പരിയാടത്ത്** ........ 162
രാഹുലനോടൊപ്പമൊരു യാത്ര
**ഭാസി മലാപ്പറമ്പ്** ........ 164
പ്രണയത്തിന്റെ ഉദാത്തത
**ഇന്ദുബാല** ........ 165
ദർശനങ്ങളുടെ മൂന്നാം കണ്ണ്
**ഡോ. പി. സജീവ് കുമാർ** ........ 166
ജനിമൃതികൾക്കിടയിലൂടെ
**സുധ മാര്യങ്ങാട്** ........ 168
വീണയിൽ നിന്ന് മൗനത്തിലേക്ക് ഇറ്റിവീഴുന്ന സംഗീതം
**ദേവപ്രകാശ്** ........ 171
പ്രണയം അഗ്നിയാവുമ്പോൾ
**സുനിത നെടുങ്ങാടി** ........ 173
അർച്ചനയാവുന്ന പ്രണയം, ധ്യാനമാവുന്ന രതി
**ശരത്ബാബു തച്ചമ്പാറ** ........ 175
പ്രണയം ധ്യാനമാകുമ്പോൾ
**ദേവേന്ദു ദാസ്** ........ 177
ഭവ വിഭവങ്ങൾക്കപ്പുറം
**ഇ.പി. ജ്യോതി** ........ 180
പാറകളിൽ മുടിയഴിച്ചിട്ട് ഒരു പുഴ
**പി.ഇ. ഉഷ** ........ 181
ആനന്ദത്തിലേക്കുള്ള യാത്ര
**രഞ്ജിനി മേനോൻ** ........ 183
പ്രണയത്തിന്റെ കനൽവഴികൾ
**മണികണ്ഠൻ പുന്നക്കൽ** ........ 185
ഒരു പുഴയായി ഞാനും എന്റെ പ്രണയ പഥങ്ങളിലൂടെ
**ആലീസ് ചീവേൽ** ........ 187
പ്രണയം പ്രണവമാകുമ്പോൾ....
**രതികുറുപ്പ്** ........ 188
പ്രണയത്തിന്റെ മൂന്നാംകണ്ണ്
**ടി.പി. അബ്ദുൽ റഹിം** ........ 190
**A Unique Literary Work**
Chettur Sankaran Nair ........ 193
**Of the Mundane and Nirvana**
Manjula Cherkil ........ 195
**In search of 'Buddhahood'**
R. Madhavan Nair ........ 198
**For the Sake of Liberation**
Greeshma Neelakandan ........ 200
പ്രണയം, രതി, ധ്യാനം മൂന്നാം കണ്ണിലെ കാഴ്ചകൾ
**ബൃന്ദ** ........ 202



# നിർവ്വാണത്തിന്റെ പ്രണയപരിഭാഷ

**ഡോ. ഹേമമാലിനി**



''നമുക്കുമാകാം ബുദ്ധൻ ഒരു വ്യവസ്ഥയിൽ
സ്വന്തം മാംസത്തിൽ വേണം
ആ ബുദ്ധനെ കൊത്തിയെടുക്കുവാൻ
സ്വന്തം ഇച്ഛയുടെ കൂർത്ത ഉളികൊണ്ട്''

ബുദ്ധായനങ്ങൾക്ക് വിരാമങ്ങളില്ല. ബൗദ്ധദർശനങ്ങളിലെ വിശ്വാസവും പ്രതീക്ഷയും കാലം പുതുക്കുന്നു. കെ.വി. മോഹൻകുമാറിന്റെ 'പ്രണയത്തിന്റെ മൂന്നാംകണ്ണ്' - ബൗദ്ധദർശനത്തിന്റെ പുതു പാഠം.

അന്വേഷണങ്ങളുടെ യാത്രയിൽ ബന്ധങ്ങളുടെ തിരസ്കാരങ്ങളും മ വികളും അനിവാര്യമാണെന്നു ചരിത്രം ബോധ്യപ്പെടുത്തുന്നുണ്ട്. ലോക ത്തിന്റെ സങ്കടങ്ങളിൽ വ്യാകുലനായി സങ്കടകാരണം തേടി യാത്രയായ ഗൗതമനിൽ ഈ ശ്രേണി ആരംഭിക്കുന്നു. ഇവിടെ നിർവ്വാണമെന്ന പൂ തേടിയാണ് രാഹുലൻ യാത്രയാകുന്നത്. നിർവ്വാണത്തി ലെത്താൻ അന്വേഷണമാണ് വേണ്ടതെന്നു ബുദ്ധദർശനം. രാഹുലൻ നടത്തുന്ന ആ അന്വേഷണമാ ണ് 'പ്രണയത്തിന്റെ മൂന്നാംകണ്ണ്.'

സർവ്വസംഗപരിത്യാഗമാണ് ബുദ്ധദർശനത്തിന്റെ കാതൽ എന്നു ബുദ്ധമതതത്ത്വങ്ങളുടെ ഒന്നാം പാഠം. പഠിച്ചുറപ്പിച്ച ആ പാഠങ്ങൾക്കു മനനങ്ങളിലൂടെ പല സർഗ്ഗാത്മക പാഠഭേദങ്ങളുണ്ടായിട്ടുണ്ട്. കേരളത്തിൽ ബുദ്ധമതം ക്ഷയോന്മുഖമായതിന് അക്കമിട്ട് നിരത്തുന്ന ഒട്ടേറെ കാര്യങ്ങളുണ്ട്. പക്ഷേ ഇന്നും ബുദ്ധൻ എന്ന ആശയം, ആദർശം, ജീവിതദുഃഖങ്ങൾ - അതാരുടേതായാലും സ്വന്തം വേപ ഥുക്കളായി ഏറ്റെടുക്കുന്ന ഓരോ മനസ്സുകളിലുമുണ്ട്. ഒരുപക്ഷേ മതത്തിന്റെ മൂലോടുകൾ തകർന്ന തുകൊണ്ടാകാ ഇത്രയേറെ തീക്ഷ്ണമായ ഒരു നൈതിക ജാഗ്രതയായി എഴുത്തിലും ചിന്തയിലും ബുദ്ധൻ സാന്നിധ്യമാകുന്നത്. മലയാളത്തിലെ ഏറെ എഴുത്തുകാർ ബൗദ്ധദർശനങ്ങളുടെ ലവണ പ്പരലുകൾ തങ്ങളുടെ രചനകളിൽ വാറ്റിയെടുത്തിട്ടുണ്ട്. എവിടെയും പരമമായ കാരുണ്യത്തിന്റെ മറുവാക്കാണ്. ബുദ്ധൻ. കാമനകളിൽ നിന്നും സ്വാർത്ഥങ്ങളായ ഇച്ഛകളിൽനിന്നും വിമുക്തമായാലേ ബൗദ്ധമാർഗ്ഗത്തിൽ പ്രവേശിക്കാനാകൂ എന്നതിനു കാലങ്ങളിലൂടെ സർഗ്ഗാത്മകത ചില തിരുത്തലു കൾ നടത്തുന്നു. മാതംഗിക്കു ആനന്ദഭിക്ഷുവിനോടു തോന്നിയ കേവലാനുരാഗത്തെ ഉദാത്തമായ വിശ്വപ്രേമമാക്കി ഉരുവപ്പെടുത്തുക എന്നായിരുന്നു ഇച്ഛകളെക്കുറിച്ച് ആശാൻ ആവിഷ്കരിക്കുന്ന ബൗദ്ധദർശനം. ഗുരുവിനു മുന്നിൽ ധ്യാനത്തിന്റെ രഹസ്യം തേടിയെത്തിയ മറ്റൊരു ശിഷ്യൻ ഏതു സഹനത്തിനും തയ്യാറായിരുന്നു. പക്ഷേ, സൂക്ഷ്മതരങ്ങളായ ശബ്ദങ്ങളെ ശ്രവിച്ചുവരാൻ ഗുരു വീണ്ടും